## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1472 04.02.2019 ൽ മറുപടിക്ക്

### കശുവണ്ടി വ്യവസായ സംരക്ഷണത്തിന് സ്വീകരിച്ചു വരുന്ന നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സജി ചെറിയാൻ<br>ശ്രീ. എൻ. വിജയൻ പിള്ള<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.ആർ. രാജേഷ് | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മൂന്ന് ലക്ഷത്തോളം തൊഴിലാളികൾ ആശ്രയിക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികളിൽ ഏറിയ പങ്കും അടഞ്ഞു കിടക്കുന്നത് കണക്കിലെടുത്ത് കശുവണ്ടി വ്യവസായ സംരക്ഷണത്തിന് സ്വീകരിച്ചു വരുന്ന നടപടികൾ അറിയിക്കാമോ; | (എ)<br>(ബി)<br>(സി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ പൊതുമേഖലാ വ്യവസായങ്ങൾ ഉൾപ്പെടെ പ്രവർത്തനരഹിതമായിരുന്നു. കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികൾ 2015 സെപ്റ്റംബർ മുതൽ അടച്ചിട്ടിരിക്കുകയായിരുന്നു.<br>ഈ സർക്കാർ അധികാരത്തിൽ വന്ന് മൂന്ന് മാസം തികയുന്നതിന് മുമ്പ് പൊതുമേഖലയിലുള്ള 40 ഫാക്ടറികളും തുറന്നു പ്രവർത്തിപ്പിച്ചു. എന്നാൽ ധനകാര്യ സ്ഥാപനങ്ങൾ തുടർന്നു വന്ന ചില നിലപാടുകൾ കാരണം പൂട്ടിക്കിടന്ന സ്വകാര്യ ഫാക്ടറികൾ തുറക്കുന്നതിന് സാധിച്ചിരുന്നില്ല. ഇതിന് പരിഹാരം കാണുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബാങ്കിങ്ങ് സ്ഥാപനങ്ങളെ പങ്കെടുപ്പിച്ച് നിരവധി യോഗങ്ങൾ ചേർന്നിരുന്നു. അവസാനമായി 07/11/2018-ൽ ചേർന്ന യോഗത്തിന്റെ തീരുമാന പ്രകാരം ബാങ്കിങ്ങ് സ്ഥാപനങ്ങളുടേയും സർക്കാർ പ്രതിനിധികളുടേയും ഒരു കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റി എട്ട് ദിവസങ്ങളിൽ വ്യവസായങ്ങളെ നേരിട്ട് കേട്ട കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. അതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. കമ്മിറ്റിയുടെ തീരുമാനത്തിൻ |
| (ബി) | വ്യവസായികളെ ആത്മഹത്യയിലേക്ക് നയിക്കുന്ന രീതിയിലുള്ള ബാങ്കുകളുടെ നിഷേധാത്മക സമീപനം തുടരുന്നു എന്നു പറയുന്ന സാഹചര്യത്തിൽ, ഇക്കാര്യത്തിൽ സർക്കാർ ഏതെങ്കിലും വിധത്തിലുള്ള ഇടപെടലിന് ഉദ്ദേശിക്കുന്നുണ്ടോ; | | |
| (സി) | ഉല്പാദക രാജ്യങ്ങളിൽ നിന്ന് തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുന്നതിന് രൂപീകരിച്ച കാഷ്യൂ ബോർഡിന് ഫലപ്രദമായി പ്രവർത്തിക്കാൻ സാധ്യമായിട്ടുണ്ടോ; ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടി സ്വകാര്യ ഫാക്ടറികൾക്കു കൂടി നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| | | | പ്രകാരം നിഷ്ക്രിയ ആസ്തിയും (NPA) വലിയ പ്രയാസമനുഭവിക്കുന്നതുമായ (Stressed) വ്യവസായ യൂണിറ്റുകൾക്ക് അധിക വായ്പയും പുനർവായ്പയും പ്രവർത്തനമൂലധനവും ബാങ്കുകൾ മുഖാന്തിരം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. അധികവായ്പയിൻമേൽ പലിശ സബ്സിഡി നൽകുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. തോട്ടണ്ടി ലഭ്യമാക്കിയാൽ വ്യവസായം തുടങ്ങാൻ തയ്യാറാകുന്ന യൂണിറ്റുകൾക്ക് ബാങ്കുകൾ സഹായം ലഭ്യമാക്കണമെന്ന വ്യവസ്ഥയിൽ കാഷ്യൂ ബോർഡിൽ നിന്നും ന്യായവിലയ്ക്ക് എക്സ്ക്രൂ അക്കൗണ്ട് അടിസ്ഥാനത്തിൽ തോട്ടണ്ടിയും ലഭ്യമാക്കുന്നതാണ്. പൂട്ടിക്കിടക്കുന്ന സ്വകാര്യ വ്യവസായങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിനായി ബാങ്കുകൾ നൽകുന്ന അധിക വായ്പയിൻമേലുള്ള 2019 വർഷകാലത്തെ പലിശ സബ്സിഡിയായി നൽകുന്നതിന് ബജറ്റിൽ 25 കോടി രൂപ വകയിരുക്കിയിട്ടുണ്ട്. വ്യവസായികൾക്ക് തോട്ടണ്ടി ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് കാഷ്യൂബോർഡിന് തൻവർഷത്തിൽ 30 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ സഹകരണ ബാങ്കിൽ നിന്നും സർക്കാർ ഗ്യാരന്റിയിൽ വായ്പയും ലഭ്യമാക്കിയിട്ടുണ്ട്.<br>ഒറ്റത്തവണ തീർപ്പാക്കൽ നടത്തേണ്ട 58 വ്യവസായ സ്ഥാപനങ്ങളുടെ ആകെ ബാദ്ധ്യത ഏകദേശം 372 കോടി രൂപയും അധിക ധനസഹായം ലഭ്യമാക്കേണ്ട 76 വ്യവസായങ്ങളുടെ ബാദ്ധ്യത ഏകദേശം 218 കോടി രൂപയും വായ്പ പുനക്രമീകരിച്ച് പുനരുദ്ധാരണം നടത്തേണ്ട 35 വ്യവസായങ്ങളുടെ ആകെ ബാദ്ധ്യ ഏകദേശം 216 കോടി രൂപയും അസറ്റ് റീ-സ്ട്രക്ച്ചറിംഗ് കമ്പനിക്ക് ശുപാർശ ചെയ്ത 6 വ്യവസായങ്ങളുടെ ആകെ ബാദ്ധ്യത ഏകദേശം 61 കോടി രൂപയുമാണ്. കമ്മിറ്റി ഒറ്റത്തവണ തീർപ്പാക്കലിന് ശുപാർശ ചെയത വിഭാഗത്തിൽപ്പെട്ട ഫാക്ടറികളുടെ കാര്യത്തിൽ പുനപരിശോധന നടത്തുന്നതാണ്.<br>2017-ൽ രൂപീകരിച്ച കേരള കാഷ്യൂ |

| | | | |
|---|---|---|---|
| | | | ബോർഡ് പൊതുമേഖലാ ഫാക്ടറികൾക്കും സ്വകാര്യഫാക്ടറികൾക്കും ആവശ്യത്തിന് തോട്ടണ്ടി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനം ആസൂത്രണം ചെയ്യുകയാണ്. അതിനാവശ്യമായ ഫണ്ട് പദ്ധതിവിഹിതമായും സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും സർക്കാർ ഗ്യാരന്റി നൽകിയും ലഭ്യമാക്കുകയാണ്.<br>കേരള കാഷ്യൂ ബോർഡ് ഇതിനകം ആഫ്രിക്കൻ രാജ്യമായ ഗിനിബസ്സാവോയിൽ നിന്ന് 3000 ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്ത് സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ നൽകിയിട്ടുണ്ട്. മൊസാംബിക്കിൽ നിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്. ഈ മാസംതന്നെ തോട്ടണ്ടി കേരളത്തിലെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഘാനയിൽ നിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള ടെന്റർ നടപടികൾ അവസാന ഘട്ടത്തിലാണ്. ലഭ്യമായ മറ്റു സ്ഥലങ്ങളിൽ നിന്നും സീസൺ അനുസരിച്ച് തുടർച്ചയായി തോട്ടണ്ടി ലഭ്യമാക്കാനാണ് കാഷ്യൂ ബോർഡ് ശ്രമിക്കുന്നത്. സ്വകാര്യ വ്യവസായം ഉൾപ്പെടെ കേരളത്തിലെ വ്യവസായത്തിനാവശ്യമായ തോട്ടണ്ടി കേരള കാഷ്യൂ ബോർഡ് മുഖാന്തിരം ന്യായവിലക്ക് ലഭ്യമാക്കാൻ സാധിക്കുന്നതോടുകൂടി തോട്ടണ്ടി ദൗർലഭ്യം എന്ന പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ സാധിക്കുമെന്നാണ് സർക്കാരിന്റെ പ്രതീക്ഷ. |
| (ഡി) | കശുവണ്ടി വ്യവസായ സംരക്ഷണത്തിനായി യന്ത്രവൽക്കരണത്തെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; നിലവിൽ കടുത്ത തൊഴിൽ പ്രതിസന്ധി നേരിടുന്ന പ്രസ്തുത മേഖലയിൽ യന്ത്രവൽക്കരണം സൃഷ്ടിക്കാനിടയുള്ള പ്രത്യാഘാതം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | സർക്കാർ നവീകരണത്തിനായി കോർപ്പറേഷന് അനുവദിച്ച തുക ഉപയോഗിച്ച് കോർപ്പറേഷൻ ഫാക്ടറികളിൽ ഷെല്ലിംഗ് സെക്ഷനിൽ ഭാഗീകയന്ത്രവത്ക്കരണം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. കശുവണ്ടി വ്യവസായ സംരക്ഷണത്തിനായി ആധുനിക വത് ക്കരണത്തിനും ഭാഗികമായ യന്ത്രവത് ക്കരണത്തിനും സർക്കാർ |

| | | | |
|---|---|---|---|
| | | | പൊതുമേഖലാ സ്ഥാപനങ്ങളായ കാപ്പെക്സിനും കെ.എസ്.സി.ഡി.സി. യ്ക്കും ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ഉത്പ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, കശുവണ്ടി പരിപ്പിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ കാലം കേടുകൂടാതെയിരിക്കുന്നതിനും യന്ത്രവൽക്കരണം സഹായിക്കും. പൂർണ്ണമായ യന്ത്രവത്ക്കരണം ഈ മേഖലയിലെ തൊഴിലാളികളുടെ തൊഴിലിനെ ബാധിക്കുമെന്നതിനാൽ ഭാഗികമായ യന്ത്രവത്ക്കരണത്തിനും ആധുനികവൽക്കരണത്തിനുമാണ് സർക്കാർ പ്രാധാന്യം നൽകുന്നത്. |

സെക്ഷൻ ഓഫീസർ